# ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്

## മത്തായി 6:31–33

"ആകയാൽ നാം എന്തു തിന്നും എന്തു കുടിക്കും എന്തു ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുതു. ഈ വക ഒക്കെയും ജാതികൾ അന്വേഷിക്കുന്നു. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു ഇതൊക്കെയും നിങ്ങൾക്കു ആവശ്യം എന്നു അറിയുന്നുവല്ലോ. മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ. അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. അതുകൊണ്ടു നാളെക്കായി വിചാരപ്പെടരുതു."

എത്രയൊക്കെ അനുഗ്രഹങ്ങൾ ദൈവത്തിൽ നിന്നും നാം പ്രാപിച്ചെടുത്താലും വീണ്ടും ആകുലതകൊണ്ട് നീറിപ്പുകയുന്ന ഒരുപാട് മനുഷ്യരെ നമുക്കു ചുറ്റും കാണാവുന്നതാണ്. മക്കളെച്ചൊല്ലി, അവരുടെ ഭാവിയെച്ചൊല്ലിയൊക്കെ നാം വിചാരപ്പെടുന്നവരാണ്. എന്നാൽ മേൽപറഞ്ഞ വചനപ്രകാരം വയലിലെ താമരയേയും ആകാശത്തിലെ പക്ഷികളേയുമൊക്കെ പോറ്റിപുലർത്തുന്ന സർവ്വശക്തനായ ദൈവം അല്പവിശ്വാസികളാകുന്ന എന്നെയും നിന്നെയും എത്രയധികമായി പോറ്റിപുലർത്തുവാൻ വിശ്വസ്തനാകുന്നു.

ദോഷികളാകുന്ന നമ്മൾ നമ്മുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുക്കുന്നുവെങ്കിൽ നമ്മുടെ സ്വർഗ്ഗീയപിതാവ്, തന്നോട് ചോദിക്കുന്നവർക്ക് എത്രയധികമായി നൽകുന്ന ദൈവമാണ്. ഫിലിപ്പിയർ 4:6 ൽ വായിക്കുന്നത് "ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു, എല്ലാറ്റിലും പ്രാർത്ഥനയാലും, അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു."

നമ്മുടെ അപേക്ഷകളും യാചനകളും ആകുലതകളുമൊക്കെ ദൈവസന്നിധിയിൽ വയ്ക്കാം, സ്തോത്രത്തോടുകൂടി ദൈവത്തോട് പ്രാർത്ഥിക്കാം. അവിടുന്ന് കരുതുന്ന നല്ല കർത്താവാകുന്നു. യിസ്രായേൽമക്കൾക്ക് അവരുടെ മരുഭൂപ്രയാണത്തിൽ ദൈവം അവർക്കായി അതതു സമയത്ത് വഴികൾ തുറന്നുകൊടുത്തതായി നമുക്കറിയാമല്ലോ. പാറയിൽ നിന്നും വെള്ളം അവർക്കു കുടിപ്പാൻ കൊടുത്തു, കാടപ്പക്ഷികളെ ഭക്ഷിപ്പാൻ കൊടുത്തു, അവരുടെ മുമ്പിലെ ചെങ്കടലിനെ രണ്ടായി പിരിച്ചു വഴിനടത്തി, തുടങ്ങിയ നിരവധി കാര്യങ്ങൾ ദൈവം പ്രവർത്തിച്ചതായി നമുക്ക് കാണുവാൻ സാധിക്കും.

വിശ്വാസത്തിൽ ഉറച്ചുകൊണ്ട് ദൈവസന്നിധിയിൽ നമ്മെത്തന്നേ ഏല്പിച്ചു കൊടുക്കാം. അങ്ങനെ ആയിരിപ്പാൻ നമുക്ക് ഇടയാവട്ടെ. അതിനായി സർവ്വശക്തൻ നമ്മെ ഏവരേയും സഹായിക്കുമാറാകട്ടെ.

പരാമർശം:

1. പത്രോസ് 5:7

അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ.

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 064